**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **09-08-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര പാർക്കിനായി ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയുടെ 46.39 ഏക്കർ സ്ഥലം തണ്ണീർത്തടമായതിനാൽ വ്യവസായ പാർക്കിന് അനുവദിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളിൽ വ്യവസായ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്;<br><br>കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം റവന്യൂ രേഖകൾ പ്രകാരം “നിലം” ഇനത്തിൽപ്പെട്ടതായതിനാൽ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമം 2008 -ന്റെ പരിധിയിൽ നിന്നും മാറ്റികിട്ടുന്നതിനു വേണ്ടി കിൻഫ്ര സമർപ്പിച്ച അപേക്ഷ ചില വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്ന പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ നിരസിച്ചുകൊണ്ട് പകരം മറ്റ ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണെന്ന് കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി 29-01-2018 ൽ കൂടിയ നടപടി യോഗത്തിൽ തീരുമാനിച്ചിരുന്നു. വ്യവസായ പാർക്കിനായി കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം-2008-ന്റെ പരിധിയിപ്പെട്ടതായതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായപാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. |
| (ബി) | പ്രസ്തുത ഭൂമിയിൽ തണ്ണീർത്തടമായി നിർണ്ണയിച്ചിട്ടുള്ളയിടങ്ങളിൽ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട പദ്ധതികളും അവശേഷിക്കുന്ന 50 ഏക്കർ ഭൂമിയിൽ വ്യവസായാധിഷ്ഠിത പദ്ധതികളും ടൂറിസം പദ്ധതികളും ഉൾക്കൊള്ളുന്ന വിപുലമായ ഒരു പദ്ധതിക്ക് പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നതിന്റെ സാധ്യത പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ